## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5723 — 03.11.2016 ന് മറുപടിയ്ക്ക്

## <u>കാട്ടുപന്നികളെ വെടിവെക്കുന്നതിനുള്ള ഉത്തരവ്</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കർഷകരുടെ കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവെക്കുന്നതിനുള്ള ഉത്തരവ് നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | **(എ)** സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം.95/2014/വനം തീയതി 17.11.2014 പ്രകാരം കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവെച്ച് കൊല്ലുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഈ സർക്കാർ ഉത്തരവിന്റെ കാലാവധി കഴിഞ്ഞതിനാൽ ആയത് നീട്ടി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) പ്രസ്തുത ഉത്തരവിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | **(ബി)** പ്രസ്തുത സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കുന്നതിൽ പ്രായോഗിക തലത്തിൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടെന്നും, ആയത് ലഘൂകരിക്കണമെന്ന ആവശ്യം പലയിടങ്ങളിൽ നിന്നും വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ ആയത് പരിഹരിച്ച് പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | **(സി)** ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

Vatsala S.D

സെക്ഷൻ ഓഫീസർ